**കേരള സർക്കാർ**

സംഗ്രഹം

സ്പെഷ്യൽ തഹസിൽദാർ എൽ.എ (എൻ. എച്ച്.) പൊൻകുന്നത്തിന്റെ പേരിൽ പൊൻകുന്നം സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **1524/2018/ധന.** തിരുവനന്തപുരം, തീയതി **27.02.2018**

പരാമർശം - ലാന്റ് റവന്യൂ കമ്മീഷണറുടെ 13.09.2017 ലെ എഫ്. ബി (എ) 9/11813/2017 നമ്പർ കത്ത്

**ഉത്തരവ്**

എം.സി.റോഡിന്റെ പുനലൂർ മൂവാറ്റുപുഴ ഭാഗം വികസനത്തിന്റെ പൊന്നുംവില നടപടികൾ നടത്തുമ്പോൾ സ്ഥലം ഉടമകൾക്കുള്ള നഷ്ടപരിഹാരത്തുക നൽകുന്നതിന് ഓൺലൈൻ പെയ്മെന്റ് സംവിധാനം നിലവിൽ വന്നിരിക്കുന്നതിനാൽ സ്പെഷ്യൽ തഹസിൽദാർ എൽ.എ (എൻ. എച്ച്.) പൊൻകുന്നത്തിന്റെ പേരിൽ പൊൻകുന്നം സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണം എന്ന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, സ്പെഷ്യൽ തഹസിൽദാർ എൽ.എ (എൻ. എച്ച്.) പൊൻകുന്നത്തിന്റെ പേരിൽ പൊൻകുന്നം സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ